(ഡി) 4-3-1986 മുതൽ 1-8-1987 വരെ പാലക്കാട് വാട്ടർ അതോറിറ്റിയിൽ സി. എൽ. ആർ. വർക്കറായി ജോലി ചെയ്തിരുന്ന ശ്രീ. വി. സി. രാധാകൃഷ്ണൻ, വില്ലുവൻകാട് ഹൗസ്, കിണാവല്ലൂർ പോസ്റ്റ് എന്ന ആളിനെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നൽകിയ അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) ശ്രീ. വി. സി. രാധാകൃഷ്ണന്റെ അപേക്ഷ പരിഗണിച്ച് വാട്ടർ അതോറിറ്റിയിൽ സി. എൽ. ആർ. വർക്കറായി തുടർന്നും ജോലി നൽകാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 3/86 മുതൽ 1-8-1987 വരെയുള്ള കാലയളവിൽ 12 മാസം തുടർച്ചയായി 240 ദിവസം പൂർത്തിയാക്കിയ 32 പേരെ റഗുലറൈസ് ചെയ്തിട്ടുണ്ട്.

(ബി) & (സി) 18-8-1987-ലെ കെ. ഡബ്ല്യു. എ./എച്ച്.ഒ./എൽ.എസ്. 3/4517/87 എന്ന സർക്കുലറിൻ പ്രകാരം കൂടുതൽ ഉണ്ടായിരുന്ന സി. എൽ. ആർ. കാരെ പിരിച്ചുവിടുകയുണ്ടായി. ഈ സർക്കുലറിൻപ്രകാരം ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉണ്ടായിരുന്ന ഏതാനും പേരെ തുടരാനനുവദിക്കുകയും, കാലക്രമേണ സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) & (ഇ) ശ്രീ. വി. സി. രാധാകൃഷ്ണന്റെ അപേക്ഷ പരിശോധിച്ചുവരികയാണ്.

എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനെ സംബന്ധിച്ച്

57 [3310] *ശ്രീ. എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പതിനെട്ട് വർഷക്കാലമായി ജോലി ചെയ്യുന്ന മൈനർ ഇറിഗേഷൻ എച്ച്. ആർ. ജീവനക്കാരെ എസ്. എൽ. ആർ., സി. എൽ. ആർ. എന്നീ തസ്തികകളിലേക്ക് മാറ്റി നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ മുൻ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കുന്ന നടപടികൾ ഏത് ഘട്ടംവരെ ആയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എച്ച്. ആർ., സി. എൽ. ആർ. തൊഴിലാളികളെ എസ്. എൽ. ആർ. ആയി നിയമിക്കുന്നതിന് ഇപ്പോൾ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. തൊഴിലാളികളെ സർവ്വീസിൽ റഗുലറൈസ് ചെയ്ത് സ്ഥിരനിയമനം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

എസ്. എൽ. ആർ. തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

58 [3311] *ശ്രീ. വി. ഡി. സതീശൻ:*

„ *കെ. സി. ജോസഫ്:*

„ *കെ. മോഹൻകുമാർ:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിലും ജലസേചന വകുപ്പിലുമായി എത്ര എസ്. എൽ. ആർ. തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; ഈ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) 1982 മുതൽ ജോലി ചെയ്യുന്ന 45 വയസ്സിനുമുകളിലുള്ള തൊഴിലാളികളെ സ്ഥിരപ്പെടുത്താനുള്ള ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിലും ജലസേചന വകുപ്പിലുമായി ഏകദേശം 725 എസ്. എൽ. ആർ. തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇവർ കേരള സർവ്വീസ് ചട്ടങ്ങളുടെ പരിധിയിൽ വരുന്നവരല്ല. ആയതിനാൽ ഇവർക്ക് പെൻഷൻ മുതലായ സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾക്ക് അർഹതയില്ല. എങ്കിലും സീസണൽ ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ട്. ഇവരുടെ സേവനകാലാവധി 58 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. 28-6-2004-ലെ ജി. ഒ. (എംഎസ്.) 73/04/ PWD ഉത്തരവുപ്രകാരം വിദഗ്ദ്ധ തൊഴിലാലികൾക്ക് രൂപ 2610-3680 സ്കെയിലിലും അവിദഗ്ദ്ധ തൊഴിലാളികൾക്ക് രൂപ 2575-3610 സ്കെയിലിലും വേതനം നൽകുന്നു. പ്രതിമാസം 50 രൂപ വീട്ടുവാടക ബത്തയും നൽകുന്നുണ്ട്.

(ബി) 19-5-1983-ലോ അതിന് മുൻപോ സർവ്വീസിലുള്ള സി. എൽ. ആർ./ എസ്. എൽ. ആർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 20-1-1990-ലെ ജി. ഒ. (പി) 6/90/PW& T ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly